(സി) 1-10-2014-ലെ സ.ഉ.(സാധാ) നമ്പർ 7702/2014/പൊ.ഭ.വ. ഉത്തരവ് പ്രകാരം എസ്.ബി.റ്റി.-ക്ക് എക്സ്റ്റൻഷൻ കൗണ്ടർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സെക്രട്ടേറിയറ്റിൽ ഇത്തരം സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഡി) നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.ടി.എം. കൗണ്ടറുകൾ മാറ്റി സ്ഥാപിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

38 (3542) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം നടപ്പിലാക്കി പത്തുവർഷം തികയുന്ന ഘട്ടത്തിൽ ആയത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതികളോ അഭിപ്രായങ്ങളോ ശ്രദ്ധിച്ചിട്ടുണ്ടോ; കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വിവരാവകാശ കമ്മീഷന്റെ സേവനം തേടിയവരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചും അപാകതകൾ പരിഹരിച്ചും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരാവകാശ നിയമം 2005 നടപ്പിലാക്കി 10 വർഷം പൂർത്തിയാക്കിയ ഘട്ടത്തിൽ അതുസംബന്ധിച്ച് പ്രത്യേകമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വിവരാവകാശ നിയമം വളരെ ഫലപ്രദമായ രീതിയിലാണ് നടക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി & സി) കമ്മീഷൻ അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരാവകാശ കമ്മീഷനിൽ നിലവിൽ നാല് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത ഒഴിവുകൾ നികത്തുന്നതോടുകൂടി ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വലിയ തോതിൽ പരാതികൾ ഉയർന്നുവന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly